**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6679** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ക്യാമ്പയിനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാനത്തും രാജ്യത്തിനകത്തും അന്തർദേശീയ തലത്തിലും വിപണന ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സാധ്യതകളെ പരിചയപ്പെടുത്തുന്നതിനും വിദേശ - ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനുമായി വിവിധങ്ങളായ പ്രചാരണ പദ്ധതികൾ സംഘടിപ്പിച്ചു വരുന്നു.<br><br>"Make up your lost time, packup for Kerala" എന്ന തീമിനെ അടിസ്ഥാനമാക്കി ദൃശ്യ - ശ്രവ്യ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആണ് ഇത്തരം ക്യാമ്പയിനുകൾ നടപ്പിലാക്കി വരുന്നത്.<br><br>**ക്യാമ്പയിനുകൾ**<br><br>1. ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ - റേഡിയോ, തിയേറ്റർ<br>2. നാഷണൽ സമ്മർ ക്യാമ്പയിൻ (BBC, Sony Max, Star, Colours, Discovery Channel).<br>3. ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ - (ടി.വി) BBC, CNN, Star, Maa, Zee Kannada, Star, കളേഴ്സ് ഗുജറാത്തി, ഡിസ്നി ചാനൽ, Nick, Hungama<br>4. ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ - ഡിജിറ്റൽ - വെബ് പോർട്ടൽ<br><br>ടൈം മാഗസിൻ കണ്ടെത്തിയ, സഞ്ചാരികൾ കണ്ടിരിക്കേണ്ട, ലോകത്തെ അതിമനോഹരമായ 50 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളം ഇടം നേടി. ഈ നേട്ടം, വിദേശ സഞ്ചാരികൾ കേരളത്തിലേക്ക് എത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന ക്യാമ്പയിനുകളിലൂടെ, ദൃശ്യ - ഡിജിറ്റൽ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ച് വരുന്നു. |

1. ഇന്റർ നാഷണൽ (യൂറോപ്പ്) ടി.വി. ക്യാമ്പയിൻ - Skynew, CNN എന്നീ ടി.വി. ചാനലുകൾ വഴി ക്യാമ്പയിൻ നടത്തുകയുണ്ടായി.
2. ഇന്റർ നാഷണൽ ഡിജിറ്റൽ ക്യാമ്പയിൻ BBC, Die Welt, Less Echos തുടങ്ങിയ ഡിജിറ്റൽ വെബ്പോർട്ടൽ വഴി ക്യാമ്പയിൻ നടത്തുകയുണ്ടായി

തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സാമൂഹ്യ മാധ്യമങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിർച്വൽ ടൂർ ക്യാമ്പയിൻ നടത്തുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സാമൂഹ്യ മാധ്യമങ്ങളിൽ പ്രസ്തുത കേന്ദ്രങ്ങളുടെ പ്രചാരണം നടത്തുകയും ചെയ്തു.

നൂതനവും കാലികവുമായ പ്രചാരണ പരിപാടികളും വകുപ്പ് സംഘടിപ്പിച്ചു വരുന്നു. കോവിഡിന് ശേഷം സംസ്ഥാനം സഞ്ചാരികൾക്ക് സുരക്ഷിതമാണ് എന്ന നിലയിലുള്ള പ്രചരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചാരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽ കണ്ടാണ്.

1. സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ
2. കേരള ഡ്രൈവ് ഹോളിഡെയ്സ്
3. ലോംഗ് സ്റ്റെയ്സ് ഇൻ കേരള
4. ഹോംസ്റ്റേ പ്രമോഷൻ
5. ഹണിമൂൺ ഹോളിഡെയ്സ്
6. കാരവൻ ടൂറിസം പ്രമോഷൻ
7. ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ
8. ഫാം ട്രിപ്പുകൾ
9. വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

**<u>മൊബൈൽ ആപ്പ്</u>**

സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാര മേഖലയുടെ സാധ്യതകളെ പരിചയപ്പെടുത്തുന്നതിനും വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ., ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര വേദികളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിലും ബി 2 ബി മീറ്റുകളിലും കേരള ടൂറിസം പങ്കെടുക്കുന്നുണ്ട്. |
| (ബി) | നൂതന സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര, അന്തർദേശീയ വിനോദസഞ്ചാരികൾക്ക് പ്രയോജനകരമാകും വിധം ട്രാവൽ ഗൈഡുകൾ പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് കൃത്യമായ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് 'വെർച്ചൽ ട്രാവൽ ഗൈഡ്" എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അതാത് സ്ഥലങ്ങളുടെ സവിശേഷതകൾ എടുത്തു കാട്ടുന്ന 'വെർച്ചൽ ട്രാവൽ ഗൈഡ്" ഫോർട്ട് കൊച്ചിയിലാണ് ആദ്യം ആരംഭിച്ചത്. വെർച്ചൽ ട്രാവൽ ഗൈഡുകൾ സഞ്ചാരികൾക്ക് എളുപ്പത്തിൽ ലഭ്യമാക്കാനായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ക്യൂ.ആർ. കോഡ് അടങ്ങിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മൂന്നാർ, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലും വെർച്ചൽ ട്രാവൽ ഗൈഡുകൾ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ടൂറിസം രംഗത്ത് സർക്കാർ നടത്തുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഈ മേഖലയ്ക്ക് സംഭാവന ചെയ്തിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന 2021 വർഷത്തിൽ കോവിഡ് മഹാമാരി കാരണം വിദേശ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് ഉണ്ടായി, എങ്കിലും സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി 2022 ൽ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022 കലണ്ടർ വർഷം 1,88,67,414 എണ്ണം ആഭ്യന്തര വിനോദസഞ്ചാരികളും 3,45,549 എണ്ണം വിദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. 2020, 2021 വർഷങ്ങളിൽ ആഭ്യന്തര സഞ്ചാരികൾ യഥാക്രമം 49,88,972, 75,37,617 ഉം വിദേശ വിനോദ സഞ്ചാരികൾ യഥാക്രമം 3,40,755, 60,487 ഉം ആയിരുന്നു.<br><br>2021 കലണ്ടർ വർഷത്തെ അപേക്ഷിച്ച് ആഭ്യന്തര വിനോദ സഞ്ചാരികളിൽ 150.31% വർദ്ധനവും വിദേശ വിനോദ സഞ്ചാരികളിൽ 471.28% വർദ്ധനവും വന്നിട്ടുണ്ട്. 2022 ൽ ആഭ്യന്തര സഞ്ചാരികളുടെ എണ്ണം ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ളതിൽ വച്ച് ഏറ്റവും ഉയർന്ന നിലയിലേക്ക് എത്തിയിട്ടുണ്ട്. പഴയ റെക്കോർഡ് ആയ 2019ലെ ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തേക്കാൾ 2.63 ശതമാനം വർദ്ധനവാണ് 2022-ൽ രേഖപ്പെടുത്തിയിട്ടുള്ളത്. കോവിഡ് കാലത്തെ മാന്ദ്യത്തിനുശേഷം സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | എത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരളത്തിലെ ടൂറിസം മേഖല പുനരുജ്ജീവനത്തിന്റെ പാതയിലാണ്. |

സെക്ഷൻ ഓഫീസർ